# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *520 — 20.11.2019-ൽ മറുപടിക്ക്

## കേരള അന്താരാഷ്ട്ര ചലച്ചിത്രോത്സവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.എം. മുകേഷ്<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.വി.കെ.പ്രശാന്ത് | ശ്രീ. എ.കെ.ബാലൻ<br>(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ലോകശ്രദ്ധയാകർഷിച്ച കേരള അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിനായി എന്തെല്ലാം ഒരുക്കങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 24-ാമത് കേരള അന്താരാഷ്ട്ര ചലച്ചിത്രോത്സവം 2019 ഡിസംബർ 6 മുതൽ 13 വരെ തിരുവനന്തപുരത്ത് നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. ഇതിനായി 14 തീയേറ്ററുകൾ ബുക്ക് ചെയ്തിട്ടുണ്ട്. ഉദ്ഘാടന സമാപന ചടങ്ങുകൾ നിശാഗന്ധി ഓഡിറ്റോറിയത്തിലാണ് നടക്കുക. 180 ഓളം ചിത്രങ്ങൾ പ്രദർശനത്തിന് എത്തിക്കാനുള്ള സജ്ജീകരണങ്ങൾ നടത്തിയിട്ടുണ്ട്. ഡെലിഗേറ്റ് രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു. മുതിർന്ന പൗരൻമാർക്കായി ഓഫ് ലൈൻ രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു. മൂന്നാംലോക സിനിമ എന്ന വിപ്ലവകരമായ ചലച്ചിത്ര പ്രസ്ഥാനത്തിന്റെ മുന്നണിപോരാളിയായ അർജന്റീനിയൻ സംവിധായകൻ ഫെർണാണ്ടോ സൊളാനസിനാണ് ഇത്തവണ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് സമ്മാനിക്കുന്നത്. മേളയിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും പങ്കാളിത്തവും ഉറപ്പ് വരുത്തി കഴിഞ്ഞു. പ്രശസ്ത നടി ശാരദയാണ് ഉദ്ഘാടന ചടങ്ങിലെ മുഖ്യാതിഥി. മേളയുടെ വിജയകരമായ നടത്തിപ്പിന് 2019 നവംബർ 6 ന് വൈകിട്ട് 6 മണിക്ക് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം കോംപ്ലക്സിലെ ഭാഗ്യമാലാ ആഡിറ്റോറിയത്തിൽ വിപുലമായ സംഘാടക സമിതി രൂപീകരണയോഗം വിളിച്ചു ചേർത്തിരുന്നു. യോഗത്തിൽ രൂപീകരിച്ച സബ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനങ്ങൾ വിപുല | (ബി) | ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. ഇതുമായി |

| | | | |
|---|---|---|---|
| | പ്പെടുത്തുന്നതിന് ഈ സർക്കാർ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധിച്ചിട്ടുണ്ടോ; | | ബന്ധപ്പെട്ട് ഉയർന്നുവരുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ടാണ് അക്കാദമി പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്. |
| (സി) | കലാമൂല്യമുള്ള സിനിമകളും ലോകസിനിമകളും സാധാരണ തീയറ്ററുകളിലും ചാനലുകളിലും പ്രദർശിപ്പിക്കുന്നതിന് വിമുഖത കാണിക്കുന്ന സാഹചര്യത്തിൽ അത്തരം സിനിമകൾ ആസ്വാദകരിലേയ്ക്ക്, പ്രത്യേകിച്ച് ഗ്രാമീണ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ഫിലിം സൊസൈറ്റികൾ വഹിക്കുന്ന പങ്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇൻഡ്യ - കേരള ഘടകത്തിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 150-ൽ അധികം ഫിലിം സൊസൈറ്റികൾ കേരളത്തിൽ എല്ലായിടത്തും കലാമൂല്യമുള്ള ലോകസിനിമകളും ഇൻഡ്യൻ ഭാഷാ ചിത്രങ്ങളും പ്രദർശിപ്പിച്ചുവരുന്നു. തീയേറ്ററുകളിൽ ഇടം കിട്ടാതെ പോയ നല്ല മലയാളം സിനിമകളും ഫിലിം സൊസൈറ്റികൾ പ്രദർശിപ്പിക്കുന്നുണ്ട്.<br>നാട്ടിൻപുറങ്ങളിലെ ഫിലിം സൊസൈറ്റികൾ കലാമൂല്യമുള്ള സിനിമകൾ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നുണ്ട്. നല്ല വിദേശ ഭാഷാ ചിത്രങ്ങൾ മലയാളത്തിൽ സബ് ടൈറ്റിൽ ചെയ്ത് നാട്ടിൻപുറങ്ങളിൽ പ്രദർശിപ്പിക്കാൻ തുടങ്ങിയത് ഫിലിം സൊസൈറ്റികളാണ്. ചലച്ചിത്ര അക്കാദമിയുടെ കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം, തിരുവനന്തപുരം മേഖലാ കേന്ദ്രങ്ങളിലെ ടൂറിംഗ് ടാക്കീസ് സംവിധാനം വഴി മികച്ച സിനിമകൾ ഗ്രാമീണ ജനങ്ങളിലേക്ക് എത്തിക്കുന്നുണ്ട്. ഫിലിം സൊസൈറ്റികളുമായി സഹകരിച്ചാണ് അക്കാദമി ടൂറിംഗ് ടാക്കീസ് വഴി ചലച്ചിത്ര പ്രദർശനം നടത്തുന്നത്. |
| (ഡി) | ചലച്ചിത്ര വികസന കോർപ്പറേഷന്റെ തീയറ്ററുകൾ അംഗീകൃത ഫിലിം സൊസൈറ്റികൾക്ക് ചലച്ചിത്രോത്സവത്തിനായി സുതാര്യമായ വ്യവസ്ഥയിൽ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തീയേറ്ററുകൾ അംഗീകൃത ഫിലിം സൊസൈറ്റികൾക്ക് ചലച്ചിത്രോത്സവം സംഘടിപ്പിക്കുന്നതിനായി നിലവിൽ കുറഞ്ഞ നിരക്കിൽ അനുവദിച്ച് നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**